# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2275** | **12.02.2020** - ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## ജി.എസ്.ടി നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.സി. ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. യുടെ നഷ്ടപരിഹാരമായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അർഹതയുള്ളതെന്നും ഇതിൽ എത്രകോടി നാളിതുവരെ ലഭ്യമായെന്നും അറിയിക്കുമോ; | (എ) | ജി.എസ്.ടി.യുടെ നഷ്ടപരിഹാരമായി 2019-20 സാമ്പത്തിക വർഷം 30.09.2019 വരെ 3743 കോടി രൂപ ലഭിച്ചു. ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപയും 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷനായി 1411 കോടി രൂപയും ലഭിക്കുവാനുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലായപ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകോടി രൂപ മുൻ വർഷങ്ങളെ അപേക്ഷിച്ച് അധികമായി ലഭിച്ചു; | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ഓരോ വർഷവും ലഭിച്ച ആകെ വരുമാനവും വർദ്ധനവും ചുവടെ ചേർക്കുന്നു. |

**(തുക കോടിയിൽ)**

| **വർഷം** | **ലഭിച്ച ആകെ വരുമാനം** | **വർദ്ധനവ് (തുകയിൽ)** | **വർദ്ധനവ് ശതമാനത്തിൽ** |
|---|---|---|---|
| 2017-18 | 38403.69 | 4365.33 | 13 |
| 2018-19 | 43707.51 | 5303.82 | 14 |
| 2019-20 (31.01.2020 വരെ) | 36078.14 | 849.40 | 2 |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി. ഘടനയിൽ എന്തെല്ലാം മാറ്റങ്ങളാണ് കേരളം നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | ഘടനാപരമായി, പ്രധാനമായും ജി.എസ്.ടി. നിരക്കുകൾ വാറ്റ് കാലഘട്ടത്തിലെ combined tax incidence മായി ഒത്തുപോകണം എന്നായിരുന്നു കേരളത്തിന്റെ വാദഗതി, ആദ്യഘട്ടത്തിൽ അപ്രകാരമാണ് നിരക്കുകൾ നിശ്ചയിച്ചത്. എങ്കിലും പിന്നീട് പ്രധാനമായും 23-ാം ജി.എസ്.ടി. കൗൺസിലിൽ 28 ശതമാനം നിരക്ക് നിശ്ചയിച്ചിരുന്ന പല ചരക്കുകളുടെയും നികുതി 18 ശതമാനമോ അതിൽ കുറവോ ആയി നിശ്ചയിച്ചു. ഈ കുറവ് ഇപ്പോഴത്തെ വരുമാന നഷ്ടത്തിന് ഒരു കാരണമാണ്.<br><br>ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വെരിഫിക്കേഷന് സാധ്യമാകുന്ന റിട്ടേൺ ഫയലിംഗ് സംവിധാനം നടപ്പാക്കുന്നതിന് ജി.എസ്.ടി.എൻ.-ന് വീഴ്ച പറ്റി. ക്രെഡിറ്റ് വെരിഫിക്കേഷൻ സാധ്യമാകാത്തത് മൂലം ഈ ഇനത്തിലും വരുമാന നഷ്ടം നേരിടേണ്ടി വന്നിട്ടുണ്ട്.<br><br>ഇ-വേ ബിൽ, 2017-18 വർഷത്തിലെ ആനുവൽ റിട്ടേൺ എന്നിവ നടപ്പാക്കുന്നതിലും താമസം സംഭവിച്ചു. ലോട്ടറിക്ക് രണ്ട് നിരക്കുകൾ നിശ്ചയിച്ചതിൽ കേരളം പ്രധാന പങ്ക് വഹിച്ചു. എന്നാൽ പിന്നീട് കൗൺസിൽ യോഗം, ഇത് തിരുത്തുകയുണ്ടായി. രണ്ട് നിരക്കുകൾ നിലനിർത്തണം എന്നായിരുന്നു കേരളത്തിന്റെ വാദം. |

**സെക്ഷൻ ഓഫീസർ**